18
2026
ജൂൺ
വ്യാഴം
മിഥുനം 04

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 122 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-122 പേജ് 4, വില 2.00 രൂപ

02 ഗൗരവകരമായ പൊതുപ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കാൻ സാമാജികർക്ക് കഴിയണം: മുഖ്യമന്ത്രി
03 പകർച്ചവാധികൾ വ്യാപിക്കുന്നു; ഹോട്ടലുകളിലും തട്ടുകടകളിലും പരിശോധന
04 സർക്കാരിനെതിരെ നുണ പ്രചരിപ്പിക്കുന്നു: മുഖ്യമന്ത്രി

# പി.എം ശ്രീ പദ്ധതിയിൽ കരിക്കുലം സ്വാതന്ത്ര്യം ഉറപ്പാക്കും

- സർക്കാരിന്റെ ആദ്യ 100 ദിന കർമ്മപരിപാടി ജൂലൈ 1 മുതൽ
- സർക്കാർ വകുപ്പുകളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ
- അഡ്വൈസർമാരെ നിയമിക്കുമെന്നും മുഖ്യമന്ത്രി

പി.എം ശ്രീ പദ്ധതിയിലെ കരിക്കുലം നിശ്ചയിക്കുന്നതിൽ സംസ്ഥാനത്തിന്റെ പൂർണ സ്വാതന്ത്ര്യം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. പദ്ധതി നടപ്പാക്കുന്ന സ്കൂളുകളെ തിരഞ്ഞെടുക്കാനുള്ള അവകാശവും സംസ്ഥാന സർക്കാരിനായിരിക്കും. സംസ്ഥാനത്തിന്റെ ആശയപരമായ ഇത്തരം നിലപാടുകൾ രൂപീകരിക്കുന്നതിനായി വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ കൺവീനറായും മന്ത്രിമാരായ റോജി എം. ജോൺ, പി.സി. വിഷ്ണുനാഥ്, എം. ലിജു എന്നിവർ അംഗങ്ങളായുമുള്ള മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചതായും മന്ത്രിസഭാ യോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി അറിയിച്ചു.

നിലവിൽ കേരളം പി.എം ശ്രീ പദ്ധതിയുടെ ഭാഗമാണ്. അതിൽ സംസ്ഥാന സർക്കാരിനുള്ള അവകാശങ്ങൾ നഷ്ടപ്പെടുത്താതെ സംരക്ഷിക്കും. പദ്ധതിയിൽ നിന്നും 99 കോടിയിലധികം രൂപ കേരളത്തിന് ലഭിച്ചിട്ടുണ്ടെന്നും 106 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭരണ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ മാതൃകയിൽ എല്ലാ വകുപ്പുകളിലും 'ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ അഡ്വൈസർമാരെ' നിയമിക്കും. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരായിരിക്കും ഈ ചുമതല വഹിക്കുക. ധനപരമായ ചട്ടങ്ങൾ സംബന്ധിച്ച വ്യക്തതയില്ലാതെ വിവിധ വകുപ്പുകളിൽ നിന്ന് ധനകാര്യ വകുപ്പിലേക്ക് എത്തുന്ന ഫയലുകൾ ഭരണനടപടികളിൽ കാലതാമസമുണ്ടാക്കുന്ന സാഹചര്യം ഇതിലൂടെ ഒഴിവാക്കാനാകും. ധനകാര്യ വകുപ്പിന്റെ അധികാരങ്ങൾ താഴെത്തട്ടിലേക്ക് വികേന്ദ്രീകരിക്കുന്ന ഈ നടപടി ഭരണസംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കാലഹരണപ്പെട്ട പ്രൊക്യൂർമെന്റ് മാനുവൽ സമഗ്രമായി പരിഷ്കരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഇ-പ്രൊക്യൂർമെന്റ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക മാർഗനിർദേശങ്ങൾക്കനുസൃതമായ സുതാര്യമായ പുതിയ മാനുവൽ തയ്യാറാക്കും. ഇതിനായി പൊതുമരാമത്ത്, ടൂറിസം, ഐ.ടി, ഉന്നത വിദ്യാഭ്യാസം, ജലവിഭവം എന്നീ വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതിയെ നിയോഗിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാരിന്റെ ആദ്യ 100 ദിന കർമപരിപാടികൾ ജൂലൈ ഒന്നിന് ആരംഭിക്കും. ഹൈക്കോടതിയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി അഡ്വ. മുഹമ്മദ് ഷാഫിയെ നിയമിച്ചു. കേരള കാഷ്യൂ ബോർഡിന്റെ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായി ജി. ഉണ്ണികൃഷ്ണനെ നിയമിക്കാനും മന്ത്രിസഭ അംഗീകാരം നൽകിയാതായി മുഖ്യമന്ത്രി അറിയിച്ചു.

എറണാകുളം ജില്ലയിലെ മലയിടംതുരുത്ത് പരിയത്തുകാവിൽ വർഷങ്ങളായി നിലനിന്നിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏഴ് കുടുംബങ്ങളുടെ ഭൂമിതർക്കം സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസത്തിനുള്ളിൽ പരിഹരിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. തർക്കഭൂമിയിൽ തന്നെ ഓരോ കുടുംബത്തിനും അഞ്ച് സെന്റ് വീതം ഭൂമിയും 1000 ചതുരശ്ര അടി വിസ്തീർണമുള്ള വീടുകളും സർക്കാർ നിർമിച്ച് നൽകും. കുടുംബങ്ങൾക്ക് ആവശ്യമായ പൊതുവഴിയും പഞ്ചായത്ത് നിർമ്മിക്കും. ഭൂമിതർക്ക പരിഹാരത്തിനായി നേതൃത്വം നൽകിയ മന്ത്രി റോജി എം. ജോണിനെയും കുന്നത്തുനാട് എം.എൽ.എ വി.പി. സജീന്ദ്രനെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.



# ലോകകപ്പിലെ ആദ്യ ഹാട്രിക്കുമായി മെസ്സി

കാൻസസ് സിറ്റിന്ന 1, 2, 3.... ആറാം ലോകകപ്പിലെ ആദ്യ മത്സരത്തിൽ ആ മാന്ത്രിക കാലിൽനിന്നു തൊടുത്ത പന്ത് എതിരാളികളുടെ ഗോൾവല കുലുക്കിയത് മൂന്നു തവണ. ഫിഫ ലോകകപ്പിൽ അൽജീരിയയ്ക്കെതിരായ മത്സരത്തിൽ സൂപ്പർ താരം ലയണൽ മെസ്സിയുടെ 'ഹാട്രിക്കിൽ' അർജന്റീനയ്ക്കു മിന്നും ജയം. ആദ്യ പകുതിയിൽ ഒരു ഗോൾ നേടിയപ്പോൾ രണ്ടാം പകുതിയിലായിരുന്നു മെസ്സിയുടെ 'ഡബിൾ'. ലോകകപ്പിൽ മെസ്സിയുടെ ആദ്യ ഹാട്രിക്കാണിത്. 16 ഗോളുകളോടെ ലോകകപ്പ് ചരിത്രത്തിലെ ഗോൾവേട്ടക്കാരിൽ ഒന്നാമതുള്ള മിറോസ്ലാവ് ക്ലോസയുടെ റെക്കോർഡിനൊപ്പമെത്തുകയും ചെയ്തു. അർജന്റീന ജഴ്സിയിൽ മെസ്സിക്ക് 120 ഗോളായി.

കാൻസസ് സിറ്റി സ്റ്റേഡിയത്തെ ആവേശക്കടലാക്കിയാണ് ലയണൽ മെസ്സി അർജന്റീനയ്ക്കായി ആദ്യ ഗോൾ നേടിയത്. 17ാം മിനിറ്റിൽ മധ്യനിര താരം റോഡ്രിഗോ ഡി പോൾ നൽകിയ മനോഹരമായ അസിസ്റ്റിൽ നിന്നാണ് മെസ്സി പന്ത് സ്വീകരിച്ചത്. പിന്നാലെ ബോക്സിന്റെ വലതു വശത്തുനിന്നും തന്റെ വിഖ്യാതമായ ശൈലിയിൽ ഇടത്തോട്ട് ഒരു കട്ട്-ഇൻ. മെസ്സിയുടെ ഷോട്ട് അൾജീരിയൻ പോസ്റ്റിന്റെ ടോപ്പ് കോർണറിലേക്കാണ് തുളച്ചുകയറിയത്. അർജന്റീന 1-0 ന് മുന്നിലെത്തി. 60ാം മിനിറ്റിലാണ് മെസ്സിയുടെ രണ്ടാം ഗോൾ പിറക്കുന്നത്, അർജന്റീനയുടെയും. അലക്സിസ് മാക് അലിസ്റ്റർ ഉതിർത്ത ശക്തമായ ലോങ് റേഞ്ച് ഷോട്ട് കീപ്പർ സിദാൻ തട്ടിയകറ്റിയെങ്കിലും റീബൗണ്ട് ചെയ്ത പന്ത് ഓടിയെത്തിയ മെസ്സി മനോഹരമായി വലയിലെത്തിക്കുകയായിരുന്നു.

# സംസ്ഥാനത്ത് വീണ്ടും ഷിഗെല്ല മരണം; ഡെങ്കി കേസുകൾ 100 കടന്നു

തിരുവനന്തപുരം : സംസ്ഥാനത്ത് ഷിഗെല്ല ബാധിച്ച് ഒരാൾ കൂടി മരിച്ചു. മലപ്പുറം സ്വദേശിയായ 75കാരിയാണ് ഇന്നലെ മരിച്ചത്. ഇന്ന് 12 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു. പ്രതിദിന ഡെങ്കി കേസ് 100 കടന്നുവെന്നും ആരോഗ്യവകുപ്പ് അറിയിച്ചു. അതേസമയം, നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന അഞ്ചു പേരിൽ ഒരാളെ കൂടി രോഗ ലക്ഷണങ്ങൾ കുറഞ്ഞതിനെ തുടർന്ന് ഡിസ്ചാർജ് ചെയ്തു. ഇതോടെ സമ്പർക്കപ്പട്ടികയിൽ നിന്നു ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആകെ 9 പേരിൽ 5 പേർ ആശുപത്രി വിട്ടു. 4 പേർ നിരീക്ഷണത്തിൽ തുടരുകയാണ്.

നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ വെന്റിലേറ്ററിൽ ചികിത്സയിൽ തുടരുകയാണ്. രോഗിയുടെ സമ്പർക്കപ്പട്ടികയിൽ ഉണ്ടായിരുന്ന ഒരു ആരോഗ്യപ്രവർത്തകയുടെയും കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ നിരീക്ഷണത്തിനായി പ്രവേശിപ്പിച്ചിരുന്ന രോഗിയുടെ ഒരു ബന്ധുവിന്റെയും പരിശോധന ഫലം നെഗറ്റീവ് ആണ്. രോഗബാധിതന്റെ സമ്പർക്കപ്പട്ടികയിൽ ഇന്ന് പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല.

# മത്സ്യത്തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് മുൻഗണന

# സീഫുഡ് സർട്ടിഫിക്കേഷൻ: ദേശീയ മറൈൻ ഇക്കോലേബലിംഗ് മാർഗ്ഗരേഖാ കരട് തയ്യാറാക്കി

കൊച്ചി: രാജ്യത്തെ സമുദ്രോൽപന്നങ്ങളുടെ ആഗോള വിപണിയിലെ സ്വീകാര്യത വർധിപ്പിക്കുന്നതിനും സീഫുഡ് സർട്ടിഫിക്കേഷൻ കൂടുതൽ സുതാര്യമാക്കുന്നതിനുമായി ഇന്ത്യയിലാദ്യമായി ദേശീയ മറൈൻ ഇക്കോലേബലിംഗ് മാർഗ്ഗരേഖയുടെ കരട് രൂപരേഖ തയ്യാറാക്കി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ഇന്ത്യയിൽ നിന്നുള്ള സീഫുഡ് സർട്ടിഫിക്കേഷൻ നടപടികളെ നിയന്ത്രിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള സമഗ്രമായ രൂപരേഖയാണ് സിഎംഎഫ്ആർഐ പ്രസിദ്ധീകരിച്ചത്. ഇന്ത്യൻ സമുദ്രോൽപന്നങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ സുസ്ഥിരതാ സർട്ടിഫിക്കേഷനുകൾക്കായുള്ള ആവശ്യം ഏറിവരുന്ന സാഹചര്യത്തിലാണ് ഈ നീക്കം. പല പ്രമുഖ അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ ഏജൻസികളും രാജ്യത്ത് പ്രവർത്തനം വ്യാപിപ്പിക്കാൻ ഒരുങ്ങുന്ന വേളയിൽ ഇതിന് പ്രാധാന്യമേറെയാണ്.

പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനൊപ്പം, രാജ്യത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് മാത്രമേ ഇത്തരം സർട്ടിഫിക്കേഷൻ നടപടികൾ നടപ്പിലാക്കാവൂവെന്നതാണ് കരട് രൂപരേഖയിലെ പ്രധാന നിർദേശം. വിപണി കേന്ദ്രീകൃതമായ സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കണം. ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് സർട്ടിഫിക്കേഷൻ പ്രക്രിയകളിൽ തുല്യമായ പങ്കാളിത്തം ഉറപ്പാക്കണമെന്നും നിർദേശമുണ്ട്.

വിപണിയിലെത്തുന്ന മത്സ്യങ്ങളും മറ്റ് സമുദ്രോൽപന്നങ്ങളും പരിസ്ഥിതിക്ക് കോട്ടംവരുത്താത്ത രീതിയിലും ഉത്തരവാദിത്തത്തോടെയും പിടിച്ചെടുത്തതാണെന്ന് ഉറപ്പുവരുത്തുന്ന നടപടിയാണ് ഇക്കോലേബലിംഗ്.

ഇത് സീഫുഡ് ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ സ്വീകാര്യതയും പ്രീമിയം വിലയും ലഭിക്കാൻ സഹായിക്കും.

നിലവിൽ ഇത്തരം സർട്ടിഫിക്കേഷൻ നടപടികൾ നിയന്ത്രിക്കുന്നതിന് ഇന്ത്യയിൽ ദേശീയ സംവിധാനമില്ല. എന്നാൽ വിവിധ ആഗോള ഏജൻസികൾ ഇന്ത്യയിലെ സാധ്യതകൾ തേടി സജീവമായി രംഗത്തുണ്ട്.


ഇത്തരം സർട്ടിഫിക്കേഷൻ പദ്ധതികൾ രാജ്യത്തെ മത്സ്യബന്ധന നിയമങ്ങൾക്കും, രാജ്യത്തിന്റെ മുൻഗണനകൾക്കും, സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കണം. ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിലെ സമുദ്ര മത്സ്യ സമ്പത്തിന്മേലുള്ള രാജ്യത്തിന്റെ പരമാധികാര അവകാശം ഉറപ്പാക്കണം. എല്ലാ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളും ദേശീയ-സംസ്ഥാന മത്സ്യബന്ധന നിയമങ്ങൾ പാലിച്ചാകണം. ജൈവവൈവിധ്യ സംരക്ഷണ നിയമങ്ങൾ, സീഫുഡ് സുരക്ഷാ മാനദണ്ഡങ്ങൾ, തീരദേശ അക്വാകൾച്ചർ ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായിരിക്കണം. കൂടാതെ, കടലിൽ നിന്നും മത്സ്യം പിടിക്കുന്നത് തൊട്ട് ഉപഭോക്താക്കളിൽ എത്തുന്നത് വരെയുള്ള് കൈമാറ്റ ശൃംഖല കൃത്യമായി രേഖപ്പെടുത്തുന്ന ട്രാക്കിംഗ് സംവിധാനം (ട്രെയ്സബിലിറ്റി) ഉറപ്പാകണമെന്നും സിഎംഎഫ്ആർഐ തയ്യാറാക്കിയ രൂപരേഖ നിർദേശിക്കുന്നു.

അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ സംവിധാനങ്ങൾക്ക് സമാനമായി തദ്ദേശീയ ഇന്ത്യൻ മറൈൻ ഇക്കോലേബലിംഗ് സംവിധാനം വികസിപ്പിക്കുന്നതനുള്ള നിർദേശവും രൂപരേഖയിലുണ്ട്.

# ഇ.പി. ജയരാജനെതിരെ അന്വേഷണം പ്രഖ്യാപിച്ചു

തിരുവനന്തപുരം: ഇൻഡിഗോ വിമാനത്തിൽവച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സിപിഎം നേതാവ് ഇ.പി. ജയരാജനും അന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൺമാൻമാരും ചേർന്ന് മർദ്ദിച്ചെന്ന പരാതി എസ്ഐടി അന്വേഷിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

ജയരാജനെ കുറ്റവിമുക്തനാക്കിയ റിപ്പോർട്ട് കോടതി നേരത്തെ തള്ളിയിരുന്നു. ആ സാഹചര്യത്തിൽ ഒരു അസിസ്റ്റൻറ് കമ്മീഷണറുടെ നേതൃത്വത്തിൽ എസ്ഐടി രൂപീകരിച്ച് തുടരന്വേഷണം നടത്തുമെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ വിശദീകരിച്ചു. ശരീരസൗന്ദര്യ മത്സര വിജയികൾക്ക് പോലീസിൽ നിയമനം നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ട്. ഡിജിപിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. അനർഹകർക്ക് നിയമനം നൽകാൻ പാടില്ലെന്നാണ് തീരുമാനമെന്നും രമേശ് ചെന്നിത്തല വ്യക്തമാക്കി.






പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു

# ഫയർഫോഴ്സിൽ 1,000 ഹോംഗാർഡുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കും: മന്ത്രി രമേശ് ചെന്നിത്തല

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ പ്രവർത്തനശേഷി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സൈനിക സേവനത്തിൽ നിന്ന് വിരമിച്ച 1,000 പേരെ ഹോംഗാർഡുമാരായി പുതുതായി നിയമിക്കാൻ നടപടി സ്വീകരിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും ട്രാഫിക് ഡ്യൂട്ടി ഉൾപ്പെടെയുള്ള സേവന പ്രവർത്തനങ്ങൾക്കുമാണ് ഇവരെ വിന്യസിക്കുക. സംസ്ഥാനത്ത് വർധിച്ചുവരുന്ന ദുരന്ത സാഹചര്യങ്ങളും പൊതു സുരക്ഷാ ആവശ്യങ്ങളും കണക്കിലെടുത്താണ് തീരുമാനമെന്നും മന്ത്രി പറഞ്ഞു. ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ആസ്ഥാനത്ത് ഉന്നത ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദുരന്തമുഖങ്ങളിൽ നിർണായക സേനയായി ഫയർഫോഴ്സ് മാറിയ സാഹചര്യത്തിൽ അധിക മനുഷ്യ വിഭവശേഷി സേനയുടെ കാര്യക്ഷമത വർധിപ്പിക്കുമെന്നാണ് വിലയിരുത്തൽ. കാലാവസ്ഥാ വ്യതിയാനവും വർധിച്ചുവരുന്ന ദുരന്ത സാഹചര്യങ്ങളും മുൻനിർത്തി സേനയെ സമഗ്രമായി ആധുനികവൽക്കരിക്കുന്നതിന് സർക്കാർ കർമപദ്ധതി തയ്യാറാക്കും. മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ജനങ്ങളുടെ ആവശ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി നിറവേറ്റാൻ സേനയെ പ്രൊഫഷണൽ രീതിയിൽ സജ്ജമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

നിലവിൽ സംസ്ഥാനത്ത് 133 ഫയർ സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത്. ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി കൂടുതൽ ഉദ്യോഗസ്ഥരെയും ഫയർമാൻമാരെയും നിയമിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കും. ഉയർന്ന കെട്ടിടങ്ങളിലെ തീപിടുത്തങ്ങൾ ഫലപ്രദമായി നേരിടുന്നതിനായി സ്കൈ ലിഫ്റ്റുകളും സ്മോൾ ലിഫ്റ്റുകളും വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ദുരന്തനിവാരണ ബോധവൽക്കരണവും സെൽഫ് ഡിഫൻസ് പരിശീലന പരിപാടികളും സംഘടിപ്പിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകും. റെസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ദുരന്തനിവാരണ ബോധവൽക്കരണവും സിവിൽ ഡിഫൻസ് പരിശീലനവും ശക്തമാക്കും. കുട്ടികൾക്കും ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്കും നീന്തൽ പരിശീലനം നൽകുന്ന പദ്ധതികൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീപിടുത്ത സാധ്യതയുള്ള പ്രദേശങ്ങളുടെ സർവേ നടപടികൾ ആരംഭിക്കും. കാട്ടിനുള്ളിലെ തീപിടുത്തം പ്രതിരോധിക്കുന്നതിനായി വനം വകുപ്പ് മന്ത്രിയുമായി ചേർന്ന് ചർച്ച നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

തീപിടുത്തങ്ങൾ, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ അഗ്നിരക്ഷാ സേന നിർണായക പങ്കാണ് വഹിക്കുന്നത്. കോഴിക്കോട് ജയലക്ഷ്മി, ബ്രഹ്മപുരം, കറ്റാനം എന്നിവിടങ്ങളിലെ തീപിടുത്തങ്ങൾ നിയന്ത്രിക്കുന്നതിലും മൂന്നാറിൽ കുടുങ്ങിയ വിനോദസഞ്ചാരികളെ രക്ഷപ്പെടുത്തുന്നതിലും സേനയുടെ പ്രൊഫഷണൽ മികവ് പ്രകടമായിരുന്നു.

മുൻകാലങ്ങളിൽ നേവിയെയും എൻ.ഡി.ആർ.എഫിനെയും ആശ്രയിച്ചിരുന്ന സാഹചര്യത്തിൽ നിന്ന് മാറി, ദുരന്തമുഖങ്ങളിൽ ആദ്യം എത്തുന്ന സേനയായി ഫയർഫോഴ്സ് മാറിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഫയർ ഫോഴ്സ് മേധാവി നിതിൻ അഗർവാളും ആഭ്യന്തര മന്ത്രിയുടെ പോലീസ് ഉപദേഷ്ടാവായ എ ഹേമചന്ദ്രനും വാർത്താസമ്മേളനത്തിൽ സന്നിഹിതരായി.

# ഗൗരവകരമായ പൊതുപ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കാൻ സാമാജികർക്ക് കഴിയണം: മുഖ്യമന്ത്രി

## ഓറിയന്റേഷൻ പ്രോഗ്രാമിന് തുടക്കമായി

നിയമസഭാ നടപടിക്രമങ്ങൾ ആഴത്തിൽ പഠിച്ച് പൊതുപ്രശ്നങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാൻ സാമാജികർ തയ്യാറാകണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായുള്ള ഓറിയന്റേഷൻ പരിപാടിയുടെ ഉദ്ഘാടനം നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നിയമസഭ പ്രവർത്തിക്കുന്നത് കേരളത്തിലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുജീവിതത്തിൽ ലഭിച്ച സുപ്രധാന ഉത്തരവാദിത്തമാണ് നിയമസഭാ സാമാജികത്വം. വിവിധ തലങ്ങളിലുള്ള ജനങ്ങളുമായി നിരന്തരം സംവദിക്കുന്ന സാമാജികർക്ക് പൊതുപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും അവയ്ക്ക് പരിഹാരം കണ്ടെത്താനും കഴിയണം.

ഭരണഘടനയുടെ ആർട്ടിക്കിൾ 208 പ്രകാരമാണ് നിയമസഭയുടെ പ്രവർത്തനം നടക്കുന്നത്. ഇതിനായി 314 ചട്ടങ്ങൾ ഉൾക്കൊള്ളുന്ന റൂൾസ് ഓഫ് പ്രൊസീജിയർ നിലവിലുണ്ട്. നിയമസഭാ നടപടിക്രമങ്ങളെക്കുറിച്ച് സാമാജികർ വ്യക്തമായ ധാരണ നേടേണ്ടതുണ്ട്. ചോദ്യോത്തരവേളയിലെ നടപടിക്രമങ്ങൾ, ശൂന്യവേളയിൽ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ഉന്നയിക്കാനുള്ള അവസരം, നോട്ടീസ് നൽകിയ അംഗം വിഷയം അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രി മറുപടി നൽകുകയും ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യക്തമായ ധാരണ സാമാജികർക്കുണ്ടാകണം. വാക്ക് ഔട്ട് പ്രതീകാത്മക പ്രതിഷേധമാണെന്നും തുടർന്ന് സഭാ പ്രവർത്തനങ്ങളിൽ അംഗങ്ങൾ പങ്കെടുക്കുന്നതുമടക്കമുള്ള കീഴ്വഴക്കങ്ങൾ മുഖ്യമന്ത്രി ശ്രദ്ധയിൽപ്പെടുത്തി.

റൂൾ 62 പ്രകാരമുള്ള കോളിംഗ് അറ്റൻഷൻ നടപടിയും റൂൾ 304 പ്രകാരമുള്ള സബ്മിഷനുകളും ഫലപ്രദമായി ഉപയോഗിക്കണം. പരമാവധി സമയം നിയമസഭയിൽ സജീവമായി അംഗങ്ങൾ പങ്കെടുക്കണം. ബജറ്റ്, ധനകാര്യ മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ് സാമാജികർ നേടണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആദ്യമായി നിയമസഭയിലെത്തിയ ശേഷം സഭാ നടപടികൾ പഠിച്ചാണ് താൻ മുന്നോട്ടുപോയതെന്ന് ഓർമിപ്പിച്ച മുഖ്യമന്ത്രി, ചർച്ചകളിലൂടെ കാര്യങ്ങൾ മനസ്സിലാക്കാനും നിയമസഭാ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കാനും അംഗങ്ങൾ ശ്രമിക്കണമെന്ന് നിർദേശിച്ചു. തിരുകൊച്ചി നിയമസഭ ഉൾപ്പെടെയുള്ള പഴയ സഭാ ചർച്ചകളും മുൻകാല മികച്ച പാർലമെന്റേറിയൻമാരുടെ പ്രവർത്തന ശൈലിയും പഠിക്കുന്നത് ഗുണകരമാണ്.

ആധികാരികതയോടെയും ആത്മവിശ്വാസത്തോടെയും നിയമനിർമാണ പ്രവർത്തനങ്ങളിൽ ഇടപെടേണ്ടത് അത്യന്തം പ്രധാനമാണ്. ജനങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനും ജനാധിപത്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും സാമാജികരുടെ സജീവ ഇടപെടൽ അനിവാര്യമാണ്. വിജ്ഞാന വിസ്ഫോടനത്തിന്റെ കാലത്ത് കാലാനുസൃതമായി അറിവുകളെ ഉൾക്കൊള്ളാൻ നിയമസഭാ സാമാജികർക്ക് കഴിയണം. ജനാധിപത്യ പ്രക്രിയയിൽ മാതൃകാ പ്രവർത്തനം നടത്താൻ പതിനാറാം നിയമസഭയിലെ ഓരോ അംഗങ്ങൾക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, കെ. രാജൻ എംഎൽ എ എന്നിവർ ആശംസകളറിയിച്ചു. നിയമസഭാ സെക്രട്ടറി ഇൻ ചാർജ് ഷാജി സി. ബേബി നന്ദി പറഞ്ഞു.

നിയമസഭാ ശങ്കര നാരായണൻ തമ്പി ഹാളിൽ ജൂൺ 17, 18 തീയതികളിലായി നടക്കുന്ന പരിശീലന പരിപാടിയിൽ നിയമസഭാ പ്രവർത്തനങ്ങൾ, നിയമനിർമാണ നടപടിക്രമങ്ങൾ, അംഗങ്ങളുടെ ചുമതലകളും അവകാശങ്ങളും സംബന്ധിച്ച അവബോധം തുടങ്ങിയ വിവിധ സെഷനുകൾ സാമാജികർക്കായി നടക്കും.

# നീറ്റ് പുനഃപരീക്ഷ; ടെലഗ്രാമിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ

ന്യൂഡൽഹി: രാജ്യത്ത് നീറ്റ് പുനഃപരീക്ഷ നടക്കാനിരിക്കെ ടെലഗ്രാമിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്രസർക്കാർ. ജൂൺ 22 വരെയാണ് നിയന്ത്രണം.

ചോദ്യ പേപ്പർ ചോർച്ച തട്ടിപ്പുകൾ തടയാനാണ് കേന്ദ്ര നടപടി. മെസേജ് എഡിറ്റ് ഫീച്ചർ ജൂൺ 30 വരെ ഇന്ത്യയിൽ പ്രവർത്തനരഹിതമാക്കി. നിരവധി ടെലഗ്രാം ചാനലുകളും ബോട്ടുകളും നീക്കം ചെയ്തിട്ടുണ്ട്.

ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ അന്വേഷണം പുരോഗമിക്കുകയാണ്. എൻഇഇടി പേപ്പർ ലീക്ക് എന്ന പേരിൽ പ്രവർത്തിച്ച നിരവധി ചാനലുകൾ അടച്ചുപൂട്ടി. അതേസമയം, ചോദ്യ പേപ്പർ ലഭ്യമാക്കാമെന്ന വാഗ്ദാനം പൂർണമായും തട്ടിപ്പാണെന്ന് എൻടിഎ അറിയിച്ചു.

നീറ്റ് പുനഃപരീക്ഷയുടെ ചോദ്യപേപ്പർ വിൽപനയ്ക്ക് എന്ന് വ്യാപക പ്രചാരണ ഉയർന്നതിനെത്തുടർന്ന് വിദ്യാർഥികളടക്കം പരാതിയുമായി രംഗത്തെത്തിയിരുന്നു. സമൂഹമാധ്യമങ്ങൾ വഴിയാണ് വീണ്ടും ചോദ്യപേപ്പർ ചോർന്നെന്ന തരത്തിലുള്ള വ്യാജപ്രചാരണം നടക്കുന്നത്.

## പി. വിജയൻ ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി ചുമതലയേറ്റു

തിരുവനന്തപുരം : സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി പി.വിജയൻ ചുമതലയേറ്റു. ഇൻറലിജൻസ് മേധാവിയായിരുന്ന വിജയനെ ക്രമസമാധാന ചുമതലയിലേക്ക് മാറ്റുകയായിരുന്നു.

ക്രമസമാധാന ചുമതലയുണ്ടായിരുന്നു എച്ച്. വെങ്കിടേഷിൽ നിന്നാണ് ചുമതലയേറ്റെടുത്തത്. പുതിയ ഇൻറലിജൻസ് മേധാവിയായി ദിനേന്ദ്ര കശിപും ഐജിയായി ആർ. നിശാന്തിനിയും ചുമതലയേറ്റു.

അതേസമയം ഉത്തരമേഖല ഐജിയായ പുട്ട വിമലാദിത്യയെ നിയമിച്ച് സർക്കാർ ഉത്തരവിറക്കി. ആഭ്യന്തര ഇൻറലിജൻസിൽ ഐജി സതീഷ് ബിനോയയെ നിയമിച്ചു.

# ഡോക്ടറുടെ കുറിപ്പടിയില്ലാതെ കഫ് സിറപ്പുകൾ കിട്ടില്ല; വിജ്ഞാപനം പുറത്തിറക്കി കേന്ദ്രം

ന്യൂഡൽഹി: കഫ് സിറപ്പുകൾ വാങ്ങുന്നതിന് ഡോക്ടറുടെ കുറിപ്പടി നിർബന്ധമാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതോടെ കടകളിൽ നിന്ന് നേരിട്ട് വാങ്ങാന്ന രീതി ഇല്ലാതാവും. ലക്ഷ്യമിടുന്നത് മരുന്നുകളുടെ അമിതോപയോഗവും പാർശ്വഫലങ്ങളും തടയാൻ. കുട്ടികൾക്കടക്കം ഡോക്ടറുടെ കൃത്യമായ നിർദേശമില്ലാതെ അമിതമായി സിറപ്പുകൾ നൽകുന്നത് കണ്ടെത്തിയതിന് പിന്നാലെയാണ് നടപടി.

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഗുണനിലവാരമില്ലാത്ത കഫ് സിറപ്പ് കഴിച്ച് നിരവധി കുട്ടികൾകൾക്കും മുതിർന്നവർക്കും മരണം സംഭവച്ചതിനെ തുടർന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം കടുത്ത നിയന്ത്രണങ്ങളിലേക്ക് കടന്നത്. 1945 ലെ ഡ്രഗ് റൂൾസിൽ ഭേദഗതി വരുത്തിയാണ് കഫ് സിറപ്പുകൾക്ക് കുറിപ്പടി നിർബന്ധമാക്കിയത്. കഴിഞ്ഞ ഡിസംബറിൽ പുറത്തിറക്കിയ കരട് നിർദേശങ്ങളിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് പുതിയ വിജ്ഞാപനം പുറത്തിറക്കിയത്.

നിലവിലുള്ള നിയമത്തിലെ ഷെഡ്യൂൾ കെ പ്രകാരം ചില പ്രത്യേക നിയന്ത്രണങ്ങളിൽ നിന്നും ഇളവ് നൽകിയിരുന്ന മരുന്നുകളുടെ വിഭാഗത്തിൽ നിന്നും സിറപ്പുകൾ എന്ന വാക്ക് കേന്ദ്ര സർക്കാർ പൂർണമായി നീക്കം ചെയ്തു.

## ഓൺലൈൻ ബുക്കിംഗ് സേവനങ്ങൾ താൽക്കാലികമായി ലഭ്യമാകില്ല

റെസ്റ്റ് ഹൗസ് റിസർവേഷൻ പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ പീപ്പിൾസ് റെസ്റ്റ് ഹൗസിലേക്കുള്ള ഓൺലൈൻ ബുക്കിംഗ് സേവനങ്ങൾ ജൂൺ 17 രാവിലെ 11 മണി മുതൽ 24 രാവിലെ 10 മണി വരെ താത്കാലികമായി ലഭ്യമാകുന്നതല്ല.

# പത്താംക്ലാസ് വിദ്യാർഥിനിക്ക് പീഡനം; സ്കൂൾ പ്രിൻസിപ്പലിൻെറ മകനെതിരെ കേസ്

ഗാന്ധിനഗർ: ഗുജറാത്തിലെ ഗാന്ധിനഗറിൽ പത്താം ക്ലാസ് വിദ്യാർഥിനിക്ക് നേരെയുണ്ടായ ലൈംഗീക അതിക്രമത്തിൽ സ്കൂൾ പ്രിൻസിപ്പലിൻറെ മകനെതിരെ പോലീസ് കേസ്. സ്കൂളിൻറെ ഹോസ്റ്റലിൽ താമസിച്ചിരുന്ന വിദ്യാർഥിനിക്ക് നേരെയാണ് അതിക്രമമുണ്ടായത്.

സെക്ടർ-21 പോലീസ് സ്റ്റേഷനിലാണ് പ്രതിക്കെതിരെ നിലവിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള പോക്സോ നിയമപ്രകാരവും, എസ്സി-എസ്ടി (പട്ടികജാതി-പട്ടികവർഗ അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവുമുള്ള വകുപ്പുകളാണ് പ്രതിക്കെതിരെ ചുമത്തിയിട്ടുള്ളത്.

പരാതി പ്രകാരം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിൽ നിന്നുള്ള കുട്ടി പത്താം ക്ലാസ് ബോർഡ് പരീക്ഷയ്ക്കുള്ള തയാറെടുപ്പിനായാണ് സ്കൂൾ ഹോസ്റ്റലിൽ താമസിച്ചിരുന്നത്. ഈ സമയത്ത് പ്രതി കുട്ടിയുമായി സൗഹൃദം സ്ഥാപിക്കുകയും പീഡിപ്പിക്കുകയുമായിരുന്നു. പ്രതി കുട്ടിയെ തൻറെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും, കുട്ടിയുടെ സമ്മതമില്ലാതെ പലതവണ ലൈംഗീകമായി പീഡിപ്പിക്കുകയും ചെയ്തു എന്നാണ് പരാതിയിൽ വ്യക്തമാക്കുന്നത്.

അതിക്രമങ്ങൾ നേരിടേണ്ടി വന്നിട്ടും കുട്ടി പഠനം തുടരുകയും പത്താം ക്ലാസ് ബോർഡ് പരീക്ഷ എഴുതുകയും ചെയ്തു. പരീക്ഷകൾ അവസാനിച്ചതിന് ശേഷം കുട്ടി സ്വന്തം വീട്ടിലേക്ക് മടങ്ങി. എന്നാൽ ഹോസ്റ്റൽ വിട്ട് പോയതിന് ശേഷവും പ്രതി കുട്ടിയെ ഫോണിൽ ബന്ധപ്പെടുന്നത് തുടർന്നതായും സമ്മർദ്ദം ചെലുത്തിയിരുന്നതായും കുടുംബം ആരോപിക്കുന്നു.

തുടർച്ചയായുണ്ടായ പീഡനങ്ങൾ കുട്ടിയുടെ മാനസികാരോഗ്യത്തെയും പഠനത്തെയും സാരമായി ബാധിച്ചതായി പരാതിയിൽ പറയുന്നു. കുട്ടിയുടെ പെരുമാറ്റത്തിൽ പ്രകടമായ മാറ്റങ്ങൾ ശ്രദ്ധിച്ച കുടുംബാംഗങ്ങൾ കാര്യങ്ങൾ ചോദിച്ചറിഞ്ഞപ്പോഴാണ് ഈ അതിക്രമത്തെക്കുറിച്ച് പുറത്തറിയുന്നത്.

വിവരങ്ങൾ അറിഞ്ഞതിന് പിന്നാലെ കുടുംബാംഗങ്ങൾ പോലീസിനെ സമീപിക്കുകയായിരുന്നു. തുടർന്ന് നടത്തിയ പ്രാഥമിക പരിശോധനകൾക്ക് ശേഷമാണ് സെക്ടർ-21 പോലീസ് പ്രതിക്കെതിരെ ഔദ്യോഗികമായി എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

# സംസ്ഥാന ജൈവ വൈവിധ്യ ഫെസ്റ്റ് സംഘടിപ്പിക്കും : മന്ത്രി ഷിബു ബേബിജോൺ

കേരളത്തിലെ ജൈവ വൈവിധ്യങ്ങൾ പരിചയടപ്പെടുത്തുന്നതിനും പുതുതലമുറയിൽ അവബോധം വളർത്തുന്നതിനുമായി വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന ജൈവവൈവിധ്യ ഫെസ്റ്റ് സംഘടിപ്പിക്കുമെന്ന് മന്ത്രി ഷിബു ബേബിജോൺ പറഞ്ഞു. പരിസ്ഥിതി പ്രവർത്തകരുമായി സെക്രട്ടേറിയറ്റിൽ നടത്തിയ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. വനനിയമം നടപ്പാക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും നടത്തുകയില്ലെന്നും പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിയുള്ള വനസംരക്ഷണ പദ്ധതികൾക്കായിരിക്കും സർക്കാർ പ്രാധാന്യം നൽകുകയെന്നും മന്ത്രി പറഞ്ഞു.

കാടുകൾക്ക് ഉൾക്കൊള്ളാവുന്ന മൃഗങ്ങളുടെ കണക്കിനെ സംബന്ധിച്ച പഠനം അനിവാര്യമാണ്. മൂന്നാർ അടക്കമുള്ള വനാതിർത്തി പങ്കിടുന്ന വിനോദസഞ്ചാര മേഖലയിലെ വർധിച്ച തിരക്ക് നിയന്ത്രിക്കപ്പെടണം. ഇവിടങ്ങളിലെ തിരക്ക് നിയന്ത്രിക്കാൻ വാഹനങ്ങൾക്ക് പാസ് നൽകുന്നത് കാര്യം പരിഗണിക്കേണ്ടതുണ്ട്.

വനസംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി സമഗ്രമായ പുതിയ വന മാനേജ്മെന്റ് നയം സർക്കാർ ഉടൻ പ്രഖ്യാപിക്കും. വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനൊപ്പം വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾക്കും പ്രാധാന്യം നൽകുന്ന സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുക. ഉരുൾപൊട്ടലുകൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളെത്തുടർന്ന് തകർന്ന ആനത്താരകൾ പുനഃസ്ഥാപിക്കുന്നതിനും സർക്കാർ മുൻഗണനന നൽകും. മേപ്പാടി, നിലമ്പൂർ മേഖലകളിൽ ആനയുമായുള്ള സംഘർഷം വർധിക്കുന്നതിന് പ്രധാന കാരണങ്ങളിലൊന്നായി ആനത്താരകളുടെ നാശം കണ്ടെത്തിയിട്ടുണ്ട്.

ചക്കയുടെ മണം ആകർഷിച്ച് ആനകൾ ജനവാസ മേഖലകളിലേക്ക് എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ചക്ക വിളയുന്നതിന് മുൻപുതന്നെ കർഷകരിൽ നിന്ന് വനം വകുപ്പ് വിലകൊടുത്ത് ചക്ക വാങ്ങുന്ന പദ്ധതി നടപ്പാക്കും. കൃഷി വകുപ്പിന്റെയും പ്രാദേശിക ജാഗ്രതാ സമിതികളുടെയും സഹകരണത്തോടെയായിരിക്കും പദ്ധതി മുന്നോട്ട് കൊണ്ടുപോകുക.

വനത്തിനകത്തെ അനധികൃത ക്യാമ്പിങ്ങും നിയമവിരുദ്ധ പ്രവർത്തനങ്ങളും കർശനമായി തടയും. വനാതിർത്തി മേഖലകളിൽ പ്ലാസ്റ്റിക് നിരോധനം ശക്തമാക്കുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ ഗ്ലാസ് ബോട്ടിലുകൾ ഉപയോഗിക്കുന്ന സംവിധാനം നടപ്പാക്കുന്നതും പരിഗണനയിലുണ്ട്.

ഇക്കോടൂറിസം വികസനത്തിന്റെ ഭാഗമായി ആദിവാസി വിഭാഗങ്ങളിലെ അംഗങ്ങളെ പരിശീലനം നൽകി ഗൈഡുമാരായി നിയമിക്കുമെന്നും വനം വകുപ്പ് അറിയിച്ചു. കുട്ടികളിൽ വനസംരക്ഷണ ബോധം വളർത്തുന്നതിനായി സ്കൂളുകളിലെ സോഷ്യൽ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തും.

വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ആർ ആർ ടി കൾ രൂപീകരിക്കാനും കേന്ദ്രസർക്കാരിന്റെ അധിക ധനസഹായം തേടാനും സർക്കാർ ആലോചിക്കുന്നുണ്ട്. പ്രകൃതിയെ സംരക്ഷിക്കുന്നത് മനുഷ്യന്റെ അതിജീവനത്തിന് അനിവാര്യമാണെന്ന കാഴ്ചപ്പാടോടെയാണ് എല്ലാ പദ്ധതികളും നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

# യൂട്യൂബർ തൊപ്പിക്കും സംഘത്തിനുമെതിരായ പരാതി: അക്കൗണ്ടുകൾ പോലീസ് പരിശോധിക്കുന്നു

കൊച്ചി: യൂട്യൂബർ തൊപ്പി എന്ന നിഹാദിനെതിരായ പരാതിയിൽ അന്വേഷണം ആരംഭിച്ച് കളമശേരി പോലീസ്. ഇവരുടെ സോഷ്യൽ മീഡി അക്കൗണ്ടുകൾ പോലീസ് പരിശോധിച്ച് വരികയാണ്. അഡ്വ. ശ്രീജിത്ത് പെരുമനയാണ് തൊപ്പിക്കും സംഘത്തിനുമെതിരെ പരാതി നൽകിയത്.

പരാതിക്ക് അടിസ്ഥാനമായ കാലഘട്ടത്തിൽ തൊപ്പിയും സംഘവും താമസിച്ചിരുന്നത് കളമശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ആയിരുന്നു. അശ്ലീല പ്രചരണം, ലഹരി ഉപയോഗം പ്രോത്സാഹിപ്പിക്കൽ, പോക്സോ, ലൈംഗിക ചൂഷണം തുടങ്ങിയ പരാതികളിലാണ് തൊപ്പിക്കെതിരെ അന്വേഷണം നടക്കുന്നത്.

തൊപ്പിയും സംഘവും പിരിഞ്ഞ ശേഷം നിഹാദിനെതിരെ കടുത്ത ആരോപണങ്ങൾ ഉയർന്നിരുന്നു. നിഹാദും ഒപ്പമുണ്ടായിരുന്ന മമ്മു എന്ന മുഹമ്മദും ഷമീറും പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയിരുന്നു.

തൊപ്പി എംഡിഎംഎ ഉപയോഗിക്കുകയും പ്രായപൂർത്തിയാകാത്ത കുട്ടികളെ ചൂഷണം ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നാണ് സുഹൃത്തുക്കൾ ആരോപിച്ചത്. തൊപ്പിയുടെ മുറിയിൽ നിന്നും കഞ്ചാവ് പാക്കറ്റ് പുറത്തെടുക്കുന്ന വീഡിയോയും പുറത്തുവിട്ടിരുന്നു.

തൊപ്പി ലൈംഗിക ചൂഷണം നടത്തിയെന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഉപയോഗിച്ച് അവർക്ക് പണം നൽകി പ്രശ്നം ഒതുക്കിയെന്നും ഇവർ ആരോപിച്ചിരുന്നു. ഇതിൽ ഷമീറിനും മുഹമ്മദിനുമെതിരെ പരാതി നൽകിയതായി അവകാശപ്പെട്ട് തൊപ്പി രംഗത്തെത്തിയിരുന്നു. റീച്ചിന് വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ആരോപിച്ചാണ് തൊപ്പിയുടെ പരാതി.

# കെഎസ്ആർടിസി ഓർഡിനറി സർവീസുകളിൽ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ വൻവർധന: മന്ത്രി സി.പി. ജോൺ

സംസ്ഥാന സർക്കാരിന്റെ പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയതോടെ കെഎസ്ആർടിസി ഓർഡിനറി സർവീസുകളിൽ സ്ത്രീ യാത്രക്കാരുടെ എണ്ണത്തിൽ വൻ വർധനയുണ്ടായതായി ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ പറഞ്ഞു. നിയമസഭ മീഡിയ റൂമിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

പദ്ധതി പ്രകാരം സ്ത്രീകൾക്ക് കെഎസ്ആർടിസിയുടെ ഓർഡിനറി സർവീസുകളിൽ സൗജന്യമായി യാത്ര ചെയ്യാം. ഇതിനുള്ള ടിക്കറ്റ് തുക സർക്കാർ കെഎസ്ആർടിസിക്ക് റീഇംബഴ്സ് ചെയ്യും. ജൂൺ 8, 15, 16 തീയതികളിലെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ പദ്ധതിയുടെ സ്വാധീനം ദിനംപ്രതി വർധിക്കുന്നതായാണ് കാണുന്നതെന്ന് മന്ത്രി പറഞ്ഞു.

ഓർഡിനറി സർവീസുകളിൽ യാത്ര ചെയ്ത സ്ത്രീകളുടെ എണ്ണം ജൂൺ 8-ന് 7.25 ലക്ഷമായിരുന്നത് ജൂൺ 15-ന് 9.63 ലക്ഷമായും ജൂൺ 16-ന് 11.84 ലക്ഷമായും ഉയർന്നു. ജൂൺ 16-ന് ഓർഡിനറി ബസുകളിലെ മൊത്തം യാത്രക്കാരിൽ 64 ശതമാനവും സ്ത്രീകളായിരുന്നു. അതായത് ഓരോ മൂന്ന് യാത്രക്കാരിൽ ഏകദേശം രണ്ട് പേരും സ്ത്രീകളായിരുന്നു. ജൂൺ 15-നുമായി താരതമ്യം ചെയ്യുമ്പോൾ ജൂൺ 16-ന് 2.21 ലക്ഷം സ്ത്രീകൾ അധികമായി യാത്ര ചെയ്തതായും ഇത് 23 ശതമാനം വർധനയാണെന്നും മന്ത്രി വ്യക്തമാക്കി.

പദ്ധതിയെക്കുറിച്ചുള്ള അവബോധം വ്യാപകമായതോടെ ടിക്കറ്റെടുത്ത് യാത്ര ചെയ്തിരുന്ന സ്ത്രീകൾ പ്രിയദർശിനി സൗജന്യ ടിക്കറ്റിലേക്ക് മാറിയിട്ടുണ്ട്. ജൂൺ 16-ന് മാത്രം 11.80 ലക്ഷം സ്ത്രീകൾ പ്രിയദർശിനി പദ്ധതിയുടെ ഭാഗമായി സൗജന്യമായി യാത്ര ചെയ്തു.

ഓർഡിനറി സർവീസുകളിലെ മൊത്തം യാത്രക്കാരുടെ എണ്ണവും ഗണ്യമായി വർധിച്ചു. ജൂൺ 8-ലെ 14.40 ലക്ഷത്തിൽ നിന്ന് ജൂൺ 16-ന് ഇത് 18.56 ലക്ഷമായി ഉയർന്നു. കഴിഞ്ഞ ആഴ്ചയിലെ അതേ ദിവസവുമായി താരതമ്യം ചെയ്യുമ്പോൾ ഓർഡിനറി സർവീസുകളിലെ യാത്രക്കാരുടെ എണ്ണത്തിൽ 37.8 ശതമാനം വർധനയുണ്ടായി. എല്ലാ ക്ലാസുകളും ഉൾപ്പെടെ കെഎസ്ആർടിസിയുടെ മൊത്തം യാത്രക്കാരുടെ എണ്ണം ജൂൺ 16-ന് 25.53 ലക്ഷമായിരുന്നു. ഇത് കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് 25.8 ശതമാനം വർധനയാണ്. യാത്രക്കാരുടെ എണ്ണത്തിലെ ഈ വർധന പ്രധാനമായും സ്ത്രീ യാത്രക്കാരുടെ വർധനയിലൂടെയാണെന്ന് മന്ത്രി പറഞ്ഞു.

2026 ജൂൺ 16-ലെ കണക്കുകൾ പ്രകാരം ഓർഡിനറി സർവീസുകളിലെ മൊത്തം യാത്രക്കാർ 18,55,897 ആയിരുന്നു. ഇതിൽ 11,80,417 പേർ പ്രിയദർശിനി പദ്ധതിയുടെ ഭാഗമായി സൗജന്യമായി യാത്ര ചെയ്ത സ്ത്രീകളാണ്. ഓർഡിനറി സർവീസുകളിലെ സ്ത്രീകളുടെ വിഹിതം 64 ശതമാനമായിരുന്നു. എല്ലാ ക്ലാസുകളും ചേർത്ത് കണക്കാക്കുമ്പോൾ ആകെ യാത്രക്കാർ 25,53,435 ഉം സ്ത്രീ യാത്രക്കാർ 12,03,602 ഉം ആയിരുന്നു. ഇതിൽ സ്ത്രീകളുടെ വിഹിതം 47 ശതമാനമാണ്.

ഓർഡിനറി ബസുകൾ സിറ്റി ഫാസ്റ്റാക്കി എന്ന തരത്തിലുള്ള വാർത്തകൾ തെറ്റാണ്. പ്രിയദർശിനി പദ്ധതി ദിനംപ്രതി കൂടുതൽ സ്വീകാര്യത നേടുകയാണെന്നും കൂടുതൽ സ്ത്രീകളും മൊത്തത്തിൽ കൂടുതൽ യാത്രക്കാരും കെഎസ്ആർടിസി ബസുകൾ യാത്രയ്ക്കായി തിരഞ്ഞെടുക്കുന്നുണ്ടെന്നും മന്ത്രി സി.പി. ജോൺ പറഞ്ഞു.

ഗതാഗത വകുപ്പ് സെക്രട്ടറി ടി വി അനുപമ, കെഎസ്ആർടിസി സിഎംഡി ഡോ. പ്രമോജ് ശങ്കർ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# 'ലിറ്റിൽ കൈറ്റ്സ്' അഭിരുചി പരീക്ഷ ഇന്ന്

പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിലേക്ക് ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർഥികളിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ ഇന്ന് (ജൂൺ 18) രാവിലെ 10 മുതൽ യൂണിറ്റ് രജിസ്ട്രേഷനുള്ള എല്ലാ വിദ്യാലയങ്ങളിലും നടക്കും.

സംസ്ഥാനത്ത് 2128 യൂണിറ്റുകളിൽ നിന്നായി 175523 വിദ്യാർത്ഥികൾ അഭിരുചി പരീക്ഷക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി നടത്തുന്ന അര മണിക്കൂർ ദൈർഘ്യമുള്ള അഭിരുചി പരീക്ഷയിൽ ലോജിക്കൽ-ഗണിതം, പ്രോഗ്രാമിംഗ്, 5, 6, 7 ക്ലാസുകളിലെ ഐ.ടി പാഠപുസ്തകം, ഐ.ടി മേഖലയിലെ പൊതുവിജ്ഞാനം എന്നീ മേഖലകളിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാകും.

ഓരോ യൂണിറ്റിലും അഭിരുചി പരിക്ഷയിൽ മികച്ച നിലവാരം പുലർത്തുന്ന 20 മുതൽ 40 വരെ കുട്ടികൾക്കാണ് ലിറ്റിൽ കൈറ്റ്സിൽ അംഗത്വം ലഭിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളിൽ ലിറ്റിൽ കൈറ്റ്സ് കരിക്കുലം അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലായി പൂർത്തിയാക്കുന്ന വർക്ക് ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതും ഇതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതുമാണ്.

## സ്പോട്ട് അഡ്മിഷൻ

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ പി.ജി.ഡിപ്ലോമ ജേണലിസം ആൻഡ് കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പി.ആർ ആൻഡ് അഡ്വർടൈസിംഗ് വിഭാഗങ്ങളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് ജൂൺ 22 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തും. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ നമ്പർ: 9747886517, 9847030932.

## വർക്കർ, ഹെൽപ്പർ നിയമനം

പാമ്പാക്കുട ഐസിഡിഎസ് പ്രോജക്ടിന്റെ പരിധിയിലുള്ള രാമമംഗലം ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ പ്രവർത്തിക്കുന്ന കോരങ്കടവ് അങ്കണവാടിയിൽ പൽന സ്കീമിന്റെ ഭാഗമായി ആരംഭിക്കുന്ന ക്രഷിലേക്ക് വർക്കർ/ഹെൽപ്പർ തസ്തികയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. രാമമംഗലം പഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിരതാമസക്കാരായ വനിതകൾക്ക് അപേക്ഷിക്കാം. വാർഡിൽ യോഗ്യരായ അപേക്ഷകർ ഇല്ലാത്ത പക്ഷം സമീപ വാർഡുകളിലെ യോഗ്യരായ വനിതകളെയും പരിഗണിക്കും.

വർക്കർ തസ്തികയ്ക്ക് പ്ലസ് ടു പാസായിരിക്കണം. ഹെൽപ്പർ തസ്തികയ്ക്ക് പത്താം ക്ലാസ് വിജയമാണ് യോഗ്യത. ഇരുതസ്തികകളിലേക്കും 2026 ജനുവരി ഒന്നിന് 35 വയസ് തികയാൻ പാടില്ല. വിദ്യാഭ്യാസ യോഗ്യത, പ്രായം, ജാതി, മതം, താമസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 24-ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി പാമ്പാക്കുട ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മാർഗമോ ലഭിക്കണം. അപേക്ഷയോടൊപ്പം അഞ്ച് രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച കവർ കൂടി ഉൾപ്പെടുത്തണം.

തപാൽ വഴി അപേക്ഷ അയക്കുന്നവർ ശിശുവികസന പദ്ധതി ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസ്, പാമ്പാക്കുട, അഞ്ചൽപ്പെട്ടി പി.ഒ., പിൻ - 686667 എന്ന വിലാസത്തിൽ ജൂൺ 24-നകം ലഭിക്കുന്ന വിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 0485 2274404.

# കാർഷിക മേഖലയിലെ വന്യജീവി സംഘർഷത്തിന് പരിഹാരം തേടി സംസ്ഥാനതല കോൺക്ലേവ്

## വിദഗ്ധരെയും കർഷകരെയും ഒരുമിപ്പിക്കും - കൃഷിമന്ത്രി ടി. സിദ്ദിഖ്

സംസ്ഥാനത്തെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കുന്ന വന്യജീവി ആക്രമണങ്ങൾക്കും അതുവഴിയുണ്ടാകുന്ന കൃഷിനാശത്തിനും ശാശ്വതവും പ്രായോഗികവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി വിദഗ്ധരെയും കർഷകരെയും നയരൂപീകരണ രംഗത്തെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് സംസ്ഥാനതല കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ടി. സിദ്ദിഖ് അറിയിച്ചു. സെക്രട്ടേറിയറ്റിലെ ലയം ഹാളിൽ ജില്ലാ കൃഷി ഓഫീസർമാരുമായി നടത്തിയ സംസ്ഥാനതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മലയോര മേഖലകളിൽ വന്യജീവി ആക്രമണം കർഷകരുടെ ജീവിതത്തെയും കാർഷിക ഉൽപ്പാദനത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്രധാന വെല്ലുവിളിയായി മാറിയിരിക്കുകയാണ്. കർഷകരുടെ ആശങ്കകൾ നേരിട്ട് കേൾക്കുകയും ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിനാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

രാഷ്ട്രീയ കൃഷി വികാസ് യോജന (ഞഗഢഥ) ഉൾപ്പെടെയുള്ള പദ്ധതികളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ വന്യജീവി ആക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിലും ലഭ്യമായ മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കി ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിനും നൂതന കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനും സർക്കാർ ഫാമുകൾ മാതൃകാ കേന്ദ്രങ്ങളായി വികസിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ കൃഷി ഫാമുകളെയും ഫാം ടൂറിസം ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൃഷി, പ്രകൃതി, ജൈവവൈവിധ്യം, കാർഷിക പൈതൃകം എന്നിവ ജനങ്ങൾക്ക് കൂടുതൽ പരിചയപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കാർഷിക മേഖലയെ അടുത്തറിയുന്നതിനും ഫാം ടൂറിസം പദ്ധതികൾ സഹായകരമാകും.

യുവജനങ്ങളെ കാർഷിക മേഖലയുമായി കൂടുതൽ അടുപ്പിക്കുന്നതിനായി സമഗ്രമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കതിർ കാർഷിക ക്ലബ്ബുകൾ അതിന്റെ ആദ്യപടിയാണെന്നും ഘട്ടംഘട്ടമായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2026 അന്താരാഷ്ട്ര തലത്തിൽ വനിതാ കർഷകരുടെ വർഷമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ കൃഷി വകുപ്പ് 'ഹരിത സഖി' എന്ന ബൃഹത് പദ്ധതിയുമായി മുന്നോട്ടുപോകും. സംസ്ഥാനത്തെ വനിതാ കർഷകരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 300 ഗ്രൂപ്പുകളായി സംഘടിപ്പിച്ച് പ്രോജക്ട് അധിഷ്ഠിത പിന്തുണയും സാങ്കേതിക സഹായവും വിപണന പിന്തുണയും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം' പദ്ധതി ജനകീയ കാർഷിക മുന്നേറ്റമായി മാറണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. സംസ്ഥാനത്തെ കൃഷിയോഗ്യമായ ഒരു ഇഞ്ച് ഭൂമിപോലും തരിശായി കിടക്കരുതെന്നും ലഭ്യമായ എല്ലാ സ്ഥലങ്ങളിലും കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികളുടെയും പുഷ്പങ്ങളുടെയും ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഈ ഉദ്യമത്തിൽ കർഷകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും പങ്കാളികളാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. കേരളത്തിന്റെ ഭക്ഷ്യസുരക്ഷയും ജനങ്ങളുടെ ആരോഗ്യവും ഉറപ്പാക്കുന്നതിനുള്ള ജനകീയ പ്രസ്ഥാനമായി 'വിളവിന്റെ വിസ്മയം' മാറണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ പ്രധാന ജലസേചന കനാലുകളിൽ ജലപ്രവാഹം തടസ്സപ്പെടുന്ന മേഖലകളെക്കുറിച്ച് സമഗ്ര വിവരശേഖരണം നടത്തി അടിയന്തര റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിൽ ജലലഭ്യത നിർണായക ഘടകമാണെന്നും ജലസേചന സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ശക്തമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം, കതിർ കാർഷിക ക്ലബ്ബുകൾ, ഹരിത സഖി തുടങ്ങിയ നൂതന പദ്ധതികളിലൂടെ കേരളത്തിന്റെ കാർഷിക മുന്നേറ്റത്തിന് പുതിയ ദിശാബോധം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക വികസനത്തെ ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഈ പദ്ധതികളുടെ ജില്ലാതല ആസൂത്രണവും നടപ്പാക്കലും അതീവ ഗൗരവത്തോടെയും കാര്യക്ഷമതയോടെയും നിർവഹിക്കണം. കാർഷികോൽപ്പാദനം വർധിപ്പിക്കുന്നതിനൊപ്പം യുവജനങ്ങളെയും വനിതകളെയും വിദ്യാർത്ഥികളെയും കാർഷിക മേഖലയുമായി കൂടുതൽ ബന്ധിപ്പിക്കുന്നതിലും ഈ പദ്ധതികൾ നിർണായക പങ്കുവഹിക്കുമെന്ന് മന്ത്രി പറഞ്ഞു.

കാർഷിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കിയ മന്ത്രി, ഉദ്യോഗസ്ഥർ കർഷകർക്കൊപ്പം നിന്ന് പ്രവർത്തിക്കണമെന്നും കൂട്ടായ പ്രവർത്തനത്തിലൂടെ കേരളത്തിന്റെ കാർഷിക ഭാവിയെ കൂടുതൽ സുരക്ഷിതവും സമൃദ്ധവുമാക്കണമെന്നും അഭിപ്രായപ്പെട്ടു. കാർഷികോത്പാദന കമ്മീഷണർ ഡോ. മിൻഹാജ് ആലം, കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. സുഭാഷ്, ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# പകർച്ചവ്യാധികൾ വ്യാപിക്കുന്നു; കൊച്ചിയിലെ ഹോട്ടലുകളിലും തട്ടുകടകളിലും പരിശോധന, പഴകിയ ഭക്ഷണം പിടിച്ചെടുത്തു

കൊച്ചി: ഷിഗല്ല ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപിക്കുന്നതിൻറെ പശ്ചാത്തലത്തിൽ കൊച്ചി നഗരത്തിലെ ഹോട്ടലുകളിലും തട്ടുകടകളിലും വ്യാപക പരിശോധന. ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും കോർപ്പറേഷനും സംയുക്തമായി നടത്തിയ പരിശോധനയിൽ പഴകിയ ഭക്ഷണം പിടിച്ചെടുത്തു.

കടകളിലെ കുടിവെള്ള സാമ്പിളുകളും ശേഖരിച്ചു. ഇവ പരിശോധനയ്ക്കായി അയക്കും. ജില്ലയിൽ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിലും ആശങ്കപ്പെടേണ്ട കാര്യമില്ല എന്നാണ് ജില്ല മെഡിക്കൽ ഓഫീസർ ഷാഹിർ ഷാ അറിയിക്കുന്നത്.

ആരോഗ്യപരിപാലന രംഗത്ത് വളരെ ചിട്ടയായ പ്രവർത്തനങ്ങൾ നടക്കുന്ന ജില്ലയാണ് എറണാകുളം. അതിനാൽ ആശങ്കകളൊന്നുമില്ല. എങ്കിലും സമീപ ജില്ലകളിൽ കാണുന്ന ട്രെൻഡുകൾ ആശങ്കയുണ്ടാക്കുന്നുണ്ട്. അതുകൊണ്ടാണ് ഇത്തരം പരിശോധനകൾക്ക് കൂടുതൽ പ്രധാന്യം നൽകുന്നത് എന്ന് ഷാഹിർ ഷാ പറഞ്ഞു.

## ഡ്രൈവർ കം ക്ലീനർ ഒഴിവ്

കോളജ് ഓഫ് എൻജിനിയറിങ് തിരുവനന്തപുരത്തെ സർക്കാരിതര ഫണ്ടിൽ നിന്നും വേതനം നൽകുന്ന ബസ് ഡ്രൈവർ കം ക്ലീനർ താത്കാലിക തസ്തികയിൽ 178 ദിവസത്തേക്ക് ദിവസവേതനം 810 രൂപ നിരക്കിൽ ജോലി നോക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഏഴാം ക്ലാസ് പാസ് ആണ് യോഗ്യത. ഹെവി ഡ്യൂട്ടി വെഹിക്കിൾ ലൈസൻസ് വിത്ത് ബാഡ്ജ്, 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം, മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരമുള്ള കാഴ്ച, കേൾവി എന്നിവ ഉണ്ടായിരിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഓടിച്ച് പരിചയം ഉള്ളവർക്ക് മുൻഗണന. ഡ്രൈവിങ്ങുമായി ബന്ധപ്പെട്ട് മുമ്പ് ശിക്ഷാനടപടികൾക്ക് വിധേയരായവർ ആകരുത്. താത്പര്യമുള്ളവർ അപേക്ഷാഫോമിന്റെ മാതൃക ൦൦൦.രലേ.മര.ശി ൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും സഹിതം ജൂൺ 22 രാവിലെ 10ന് മെയിൻ ഓഫീസിൽ എത്തണം.

## കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐയിൽ 2021 മുതൽ 2024 വരെ അഡ്മിഷൻ എടുത്ത് വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളിൽ നിന്നും അഡ്മിഷൻ സമയത്ത് കോഷൻ / സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകകൾ ഇനിയും തിരികെ ലഭിക്കാനുള്ളവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, അപേക്ഷ എന്നിവ സഹിതം ജൂൺ 30നകം ചാക്ക ഐ ടി ഐയിൽ ഹാജരാകണം.

## ക്വട്ടേഷൻ ക്ഷണിച്ചു

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലേക്ക് 2026 ജൂലൈ 1 മുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക് ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ദിനപത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും എത്തിച്ചു കൊടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 വൈകിട്ട് 3 വരെ.

# സിവിൽ സർവീസ് പരിശീലന കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി (KSCSA) വിവിധ സിവിൽ സർവീസ് പരിശീലന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം, കൊല്ലം, ആലുവ, പാലക്കാട്, പൊന്നാനി, കോഴിക്കോട്, കല്യാശ്ശേരി തുടങ്ങിയ കേന്ദ്രങ്ങളിൽ ജൂൺ 15 മുതൽ ആരംഭിച്ച സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് റെഗുലർ ബാച്ചിലേക്കും, ജൂൺ 20ന് തിരുവനന്തപുരം കേന്ദ്രത്തിൽ ആരംഭിക്കുന്ന റിപീറ്റേഴ്സ് ബാച്ചിലേക്കും അപേക്ഷിക്കാം. കൂടാതെ ജൂലൈ 5ന് ആരംഭിക്കുന്ന കോളേജ് വിദ്യാർത്ഥികൾക്കായുള്ള വീക്കെൻഡ് ബാച്ച്, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്, പ്ലസ് വൺ-പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് എന്നിവയിലേക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. രജിസ്ട്രേഷനും ഫീസ് അടയ്ക്കുന്നതിനുള്ള സൗ ക ര ൃ വ ു ം വദ്രേു:നനസരെമൈ.ീൃഴ യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് വിവിധ ജില്ലകളിലെ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

## എം.സി.എ.: അപേക്ഷകളുടെ സൂക്ഷ്മ പരിശോധന

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 2026-27 അദ്ധ്യായന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (ങഇഅ ഞലഴൗഹമൃ) കോഴ്സിന്റെ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ടു സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. തിരുത്തലുകൾ ജൂൺ 22നു മുൻപായി www.lbscentre.kerala.gov.in ലെ ആപ്ലിക്കേഷൻ പോർട്ടൽ മുഖേന വരുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2324396, 2560327.

## സ്റ്റേറ്റ് ഇന്റർ ഐടിഐ സ്പോർട്സ് മീറ്റ് ജൂൺ 16 മുതൽ

സംസ്ഥാനത്തെ സർക്കാർ ഐടിഐകളിലെ ട്രെയിനികൾക്കായി സംഘടിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഇന്റർ ഐടിഐ സ്പോർട്സ് മീറ്റ് ജൂൺ 16, 17, 18 തീയതികളിൽ ആറ്റിങ്ങൽ ഗവ. ഐടിഐയിലും, ശ്രീപാദം സ്റ്റേഡിയത്തിലുമായി നടക്കും.

സംസ്ഥാനത്തെ 108 ഐടിഐകളിൽ നിന്നുള്ള 1300 ഓളം കായികതാരങ്ങൾ പങ്കെടുക്കുന്ന കായിക മേളയിൽ അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങി വിവിധ മത്സരങ്ങൾ അരങ്ങേറും.

ആറ്റിങ്ങൽ നഗരസഭാ ചെയർമാൻ എം. പ്രദീപിന്റെ അധ്യക്ഷതയിൽ ജൂൺ 16 ന്, രാവിലെ 10ന് ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ ഒ. എസ്. അംബിക എം എൽ എ കായിക മേളയുടെ ഉദ്ഘാടനം നിർവഹിക്കും. സുഫിയാൻ അഹമ്മദ് ഐ.എ.എസ്. (ഡയറക്ടർ, എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ്, കേരളം) മുഖ്യാതിഥിയാകും.

## ശുചീകരണത്തിനിടെ മലമ്പാമ്പും മുട്ടകളും; ഫോറസ്റ്റ് ഉദ്യോഗസ്ഥരെത്തി പിടികൂടി

കൊച്ചി: അങ്കമാലി മൂക്കന്നൂരിൽ നിന്നും മലമ്പാമ്പിനെയും മുട്ടകളും പിടികൂടി. മൂക്കന്നൂർ പഞ്ചായത്തിൽ ഏഴാം വാർഡിലെ കാളാർകുഴി ആറാട്ടുപുഴ ഭാഗത്ത് തോട് ശുചീകരണത്തിനിടെയാണ് മലമ്പാമ്പിനെ പിടികൂടിയത്. നിരവധി മുട്ടകളും കണ്ടെടുത്തു. വിവരമറിഞ്ഞ് എത്തിയ നാട്ടുകാർ ഉടനെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ അറിയിക്കുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സർക്കാരിനെതിരെ നുണ പ്രചരിപ്പിക്കുന്നു: മുഖ്യമന്ത്രി

സി.പി.എം സംഘടനാ നേതാവ് ഉൾപ്പെടെ നാല് വി.സിമാർ ആർ.എസ്.എസ് പരിപാടിയിൽ പങ്കെടുത്തിട്ടും മിണ്ടാതിരുന്ന ആളാണ് ഇപ്പോൾ പ്രതിപക്ഷത്തിരുന്ന് സർക്കാരിനെ വിമർശിക്കുന്നത്; കാഫീർ സ്ക്രീൻ ഷോട്ട് കേസിലെ പ്രതിയുടെ അറസ്റ്റിലൂടെ അഴിഞ്ഞു വീണത് തെരഞ്ഞെടുപ്പ് കാലത്ത് സി.പി.എം ചെയ്തുകൂട്ടിയ വൃത്തികേടുകളുടെമുഖംമൂടിയെന്നും മുഖ്യമന്ത്രി*



സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസം തികയുന്നതിന് മുൻപ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത് കള്ളപ്രചരണമാണ്. സി.പി.എം സംഘടനാ നേതാവ് ഉൾപ്പെടെ നാല് വി.സിമാർ ആർ.എസ്.എസ് പരിപാടിയിൽ പങ്കെടുത്തിട്ടും അതു തെറ്റാണെന്ന് പറയാൻ അന്നത്തെ മുഖ്യമന്ത്രി തയാറായില്ല. അന്ന് ഒരു അക്ഷരം പോലും മിണ്ടാതിരുന്ന ആളാണ് ഇപ്പോൾ പ്രതിപക്ഷത്ത് ഇരുന്ന് എന്നെ വിമർശിക്കുന്നത്. അന്നത്തെ ഉന്നത വിദ്യാഭ്യാസ മന്ത്രിയും വി.സിമാർ ആർ.എസ്.എസ് പരിപാടിയിൽ പോകുന്നതിൽ തെറ്റില്ലെന്ന് പറഞ്ഞു. ഇതൊന്നും ഇത്ര വേഗത്തിൽ മറന്നു പോകരുത്. വാർത്താ സമ്മേളനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. ഇത്തരം വ്യാജ പ്രചാരണങ്ങൾ പൊതുജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് മനസിലാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തൂഫാൻ പദ്ധതിക്ക് നേതൃത്വം നൽകുന്ന ആഭ്യന്തരവകുപ്പ് മന്ത്രിയുടെ സ്റ്റാഫിലേക്ക് കഞ്ചാവ് കേസിൽ പിടിക്കപ്പെട്ടയാളെ നിയമിച്ചെന്നത് പച്ചക്കള്ളമാണ്. ഇല്ലാത്ത കഥകളുണ്ടാക്കുകയാണ്. ചില മാധ്യമങ്ങളും അത് ഏറ്റുപിടിക്കുകയാണ്.

കെ.എസ്.ആർ.ടി.സിയിൽ ഓർഡിനറി ബസുകൾ സിറ്റി ഫാസ്റ്റ് ബസുകളാക്കി മാറ്റിയെന്ന് ചില വ്യാജ പ്രചരണം നടത്തി. ഒരു ബസ് പോലും അങ്ങനെ മാറ്റിയിട്ടില്ല. പലയിടത്തും സിറ്റി ഫാസ്റ്റ് ഓർഡിനറിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്കായുള്ള സൗജന്യ യാത്രാ പദ്ധതിയുടെ ശോഭ കെടുത്താൻ പച്ചക്കള്ളം പ്രചരിപ്പിക്കുകയാണ്. സൗജന്യ യാത്രാ പദ്ധതി വൻ വിജയമാണെന്നും സ്ത്രീ യാത്രക്കാരുടെ എണ്ണം വർധിച്ചുവരികയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.എന്നിട്ടും ചിലർ നുണ പ്രചരിപ്പിക്കുകയാണ്.

യു.ഡി.എഫ് സർക്കാർ അധികാരത്തിൽ എത്തിയതിനു പിന്നാലെ സഹകരണ സ്ഥാപനങ്ങളിലെ ഫീസ് വർധിപ്പിച്ചെന്നതാണ് മറ്റൊരു നുണ. ഫെബ്രുവരിയിൽ കഴിഞ്ഞ സർക്കാരാണ് ഫീസ് വർധിപ്പിച്ചത് ഈ സർക്കാർ ഒരു രൂപ പോലും വർധിപ്പിച്ചിട്ടില്ല. എന്നിട്ടും വ്യാജ വാർത്ത പ്രചരിപ്പിക്കുകയാണ്. ഇടുക്കിയിലെ പരിസ്ഥിതി ലോല മേഖല സംബന്ധിച്ച കേന്ദ്ര വിജ്ഞാപനം മുൻ സർക്കാരിന്റെ കാലത്തുണ്ടായ നടപടികളുടെ തുടർച്ചയാണ്. 2024-ലും 2025-ലും കേന്ദ്രത്തിന് മുൻ സർക്കാർ നൽകിയ റിപ്പോർട്ടുകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് വിജ്ഞാപനം പുറത്തിറങ്ങിയത്. ഇക്കാര്യത്തിൽ കേന്ദ്രവുമായി യാതൊരു ഇടപെടലും ഈ സർക്കാർ നടത്തിയിട്ടില്ല. എന്നിട്ടും വി.ഡി സതീശൻ സർക്കാർ വന്നയുടൻ ഇടുക്കിയിൽ പരിസ്ഥിതി ലോല വിജ്ഞാപനം പുറപ്പെടുവിച്ചെന്നാണ് സി.പി.എം ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ളവർ പറയുന്നത്. സർക്കാർ ഒരു മാസം തികയുന്നതിന് മുൻപെ നുണ പ്രചരിപ്പിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു പിന്നാലെ റേഷൻ മുടങ്ങിയെന്നതും വ്യാജപ്രചരണമാണ്.

പി.ആർ.ഡിയുടെ കൂടി സഹായത്തോടെയാണ് ഒരു സംഘം കഴിഞ്ഞ ഒന്നു രണ്ടു വർഷമായി വ്യപകമായ നുണ പ്രചരണം നടത്തിയത്. ഇരുണ്ടകാലമെന്നും എനിക്കെതിരെ വ്യക്തിപരമായും നടത്തിയ പ്രചരണങ്ങളൊക്കെ പി.ആർ.ഡി ഉദ്യോഗസ്ഥരുടെ പിന്തുണയോടെയായിരുന്നു. സർക്കാരിന്റെ ചെലവിലാണ് അന്ന് പ്രതിപക്ഷത്തിന് എതിരെ പ്രചരണം നടത്തിയത്. അതൊക്കെ ചവറ്റുകുട്ടയിൽ എറിഞ്ഞിട്ടാണ് ജനങ്ങൾ ഞങ്ങളെ അധികാരത്തിൽ കൊണ്ടുവന്നത്. ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രചരണം നടത്തിയിട്ടുണ്ടെങ്കിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

തെറ്റുകൾ ചൂണ്ടിക്കാട്ടിയാൽ ഈ സർക്കാർ അത് തിരുത്തും. സർക്കാർ പ്ലീഡർ നിയമനത്തിൽ ആരോപണം ഉയർന്നപ്പോൾ തന്നെ ആ തെറ്റ് തിരുത്തിയിട്ടുണ്ട്. തെറ്റ് തിരുത്തിയെങ്കിലും അതിന്റെ പൂർണ ഉത്തരവാദിത്തം മുഖ്യമന്ത്രിയെന്ന നിലയിൽ എനിക്ക് മാത്രമാണ്. പേര് നൽകിയതിന്റെ പേരിൽ ആരെയും കുറ്റപ്പെടുത്താനില്ല. അഭിഭാഷകരെ നിയമിക്കുമ്പോൾ അവർ മുൻപ് ഹാജരായ എല്ലാ കേസുകളും പൂർണമായി പരിശോധിക്കുന്നത് പ്രായോഗികമല്ലെങ്കിലും വിജിലൻസ് ക്ലിയറൻസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും, സംഭവിച്ച തിരുത്തലിന്റെ പൂർണ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

തിരഞ്ഞെടുപ്പിന് തൊട്ടു മുൻപ് വർഗീയ ചേരിതിരിവ് ഉണ്ടാക്കുന്ന തരത്തിൽ സ്ക്രീൻ ഷോട്ട് ഉണ്ടാക്കി വടകരയിൽ സ്ഥാനാർത്ഥിയായിരുന്ന ഷാഫിയുടെ തലയിൽ കെട്ടിവയ്ക്കാനാണ് ശ്രമിച്ചത്. അതിനെ കുറിച്ച് ഇപ്പോൾ അന്വേഷിക്കണ്ടേ? തിരഞ്ഞെടുപ്പിന് മുൻപ് എന്തൊരു കാപട്യമാണ് സി.പി.എം കാട്ടിയത്. സംഘ്പരിവാർ ചെയ്യുന്ന അതേ പരിപാടിയാണ് സി.പി.എമ്മും ചെയ്തത്. അത് പിടിക്കാതിരിക്കാൻ കഴിയില്ല. വിമാനത്തിൽ വച്ച് മുദ്രാവാക്യം വിളിച്ചതിനാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകനെ മുഖ്യമന്ത്രിയുടെ ഗൺമാൻമാരും ഇ.പി ജയരാജനും ചേർന്ന് മർദ്ദിച്ചത്. എന്നിട്ടും കേസെടുത്തില്ല. കേസെടുക്കണമെന്ന് കോടതിയാണ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് സി.പി.എം ചെയ്തുകൂട്ടിയ വൃത്തികേടുകളുടെയും കാപട്യത്തിന്റെയും മുഖംമൂടിയാണ് അഴിഞ്ഞു വീഴുന്നത്.

സ്ത്രീ സുരക്ഷാ പദ്ധതി സർക്കാർ പിൻവലിച്ചുവെന്ന വാർത്തകൾക്ക് ഒരു അടിസ്ഥാനവുമില്ല. അത്തരമൊരു തീരുമാനം സർക്കാർ എടുത്തിട്ടില്ല. പത്ത് വർഷമുണ്ടായിട്ടും തദ്ദേശ തിരഞ്ഞെടുപ്പിൽ തോറ്റ് നിയമസഭ തിരഞ്ഞെടുപ്പിന് തൊട്ടു മുൻപാണ് സ്ത്രീ സുരക്ഷാ പദ്ധതി പ്രഖ്യാപിച്ചത്. അതുകൊണ്ടു തന്നെ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചും പരിശോധിക്കേണ്ടതുണ്ട്. 1600 രൂപയുടെ പെൻഷൻ 2500 ആക്കുമെന്ന് അഞ്ച് വർഷം മുൻപ് ഉറപ്പ് നൽകിയിട്ടും നാലേമുക്കാൽ കൊല്ലവും ഒന്നും ചെയ്തില്ല. തിരഞ്ഞെടുപ്പിന്റെ തൊട്ടു തലേന്നാണ് 400 രൂപ കൂട്ടിയത്. ആ പണം വാങ്ങിയ ജനങ്ങൾ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് വോട്ട് ചെയ്തു.

സംസ്ഥാനം കടുത്ത സാമ്പത്തിക പരിമിതികൾ നേരിടുന്നുണ്ടെങ്കിലും പുതിയ വികസന കാഴ്ചപ്പാടോടെയുള്ള പുതുക്കിയ ബജറ്റാണ് സർക്കാർ അവതരിപ്പിക്കാൻ പോകുന്നത്. 35,000 കോടി രൂപയുടെ പദ്ധതികൾ മുൻ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. എന്നാൽ 20,500 കോടി കാണാനില്ല. ആ പണം കണ്ടെത്തേണ്ട ഇന്ദ്രജാലം കാട്ടേണ്ട അവസ്ഥയിലാണ് ഞാൻ. കഴിഞ്ഞ സർക്കാരിൽ നിന്നും വ്യത്യസ്തമായ നയസമീപനവും കാഴ്ചപ്പാടും ഈ സർക്കാരിനുണ്ട്. അതൊക്കെ ഉൾക്കൊള്ളുന്നതാകും ബജറ്റ്.

മുല്ലപ്പെരിയാർ വിഷയത്തിൽ "കേരളത്തിന് സുരക്ഷ, തമിഴ്നാടിന് ജലം" എന്നതാണ് സർക്കാരിന്റെ ഉറച്ച നിലപാടെന്നും മുഖ്യമന്ത്രി ആവർത്തിച്ചു. ബജറ്റ് സമ്മേളനത്തിന് ശേഷം തമിഴ്നാട്, കർണാടക മുഖ്യമന്ത്രിമാരുമായി അന്തർസംസ്ഥാന വിഷയങ്ങളിൽ നേരിട്ട് ചർച്ച നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ആരോഗ്യ മേഖലയ്ക്ക് സർക്കാർ അതീവ പ്രാധാന്യം നൽകുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. നിപ്പ രോഗബാധയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ലഭ്യമല്ലാതിരുന്ന റിബാവൈറിൻ മരുന്ന് വെറും 24 മണിക്കൂറിനുള്ളിൽ ബഹ്റൈനിൽ നിന്ന് എത്തിക്കാൻ സർക്കാരിന് സാധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. എസ്.എം.എ. രോഗം ബാധിച്ച കുട്ടികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

# ലോകകപ്പ് ആവേശവുമായി 'TRIONDA 2K26'; മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്തു

2026 ഫിഫ ലോകകപ്പിന്റെ ആവേശം പൊതുജനങ്ങളിലേക്കും യുവജനങ്ങളിലേക്കും എത്തിക്കുന്നതിനായി കായിക-യുവജനകാര്യവകുപ്പ് സംഘടിപ്പിച്ച 'ഠഞകഛചഉഅ 2ഗ26' പരിപാടി തിരുവനന്തപുരം മാനവീയം വീഥിയിൽ നടന്നു. പൊതുസമ്മേളനം കായിക-യുവജനകാര്യ വകുപ്പ് മന്ത്രി ഒ. ജെ. ജനീഷ് ഉദ്ഘാടനം ചെയ്തു.

ഇന്ത്യ ലോകകപ്പ് കളിക്കുകയെന്നത് വലിയ ആഗ്രഹമാണെന്നും വിദ്യാർത്ഥികൾക്കായി ഇപ്പോൾ മികച്ച പരിശീലന പദ്ധതികൾ ആരംഭിച്ചാൽ പത്തു വർഷത്തിനപ്പുറം ലോകമറിയുന്ന കായികതാരങ്ങളെ വാർത്തെടുക്കാൻ സാധിക്കുമെന്നും മന്ത്രി ഒ. ജെ. ജനീഷ് പറഞ്ഞു. കായികവകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മികച്ച കായിക പ്രതിഭകളെ സൃഷ്ടിക്കുകയെന്നതാണ്.

കായിക വകുപ്പിന് കീഴിലുള്ള ഇടങ്ങളിൽ ലോക കപ്പ് മത്സരങ്ങൾ സൗജന്യമായി സ്ക്രീൻ ചെയ്യാനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. ഇതിനുപുറമേ, സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലായി ഒൻപതിനായിരത്തിലധികം ഫുട്ബോളുകൾ വിതരണം ചെയ്യാനും പ്രവചന മത്സര വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ കളിസ്ഥലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള തീവ്രശ്രമത്തിലാണ് സർക്കാരെന്നും മന്ത്രി പറഞ്ഞു.

ജീവിതത്തിലെ ഏറ്റവും വലിയ ലഹരി സ്പോർട്സ് ആണെന്ന് വിളിച്ചുപറയുന്ന പ്രചാരണ പരിപാടികളുടെ തുടക്കം കൂടിയാണ് ഇത്. വിദ്യാർത്ഥികളുടെ ഭൗതിക-കായിക ശേഷികളെ തകർക്കുന്ന ലഹരിമാഫിയ സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് കഴുകൻ കണ്ണുകളോടെ കാത്തിരിക്കുകയാണ്. ഇതിനെതിരെ ആഭ്യന്തര വകുപ്പ് 'ഓപ്പറേഷൻ തൂഫാൻ' എന്ന പേരിൽ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുന്നുണ്ട്. യുവജനങ്ങൾ മൊബൈൽ ഫോണിനും ലഹരിക്കും അടിമപ്പെടാതെ കളിക്കളങ്ങളിൽ സജീവമാകുകയാണ് പ്രധാനമെന്ന് മന്ത്രി പറഞ്ഞു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് ബിപിസിഎൽ (ആജഇഘ) നൽകുന്ന ക്രിക്കറ്റ് ബോളിംഗ് മെഷീൻ ചടങ്ങിൽ വെച്ച് മന്ത്രി കൈമാറി. ഫുട്ബോൾ താരങ്ങൾ, പരിശീലകർ, കായിക സംഘടനാ ഭാരവാഹികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്ത ഫുട്ബോൾ റാലിയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. ജി. വി. രാജ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ലാഷ് മോബും സാംസ്കാരിക പരിപാടികളും ചടങ്ങിന് മാറ്റുകൂട്ടി.

കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ഡോ. റെജിൽ എം. സി. അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ഡയറക്ടർ ഡോ. പ്രദീപ് സി. എസ്. സ്വാഗതം ആശംസിച്ചു. കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് വി. സുനിൽ കുമാർ, മുൻ ഇന്ത്യൻ ഫുട്ബോൾ താരം വി. പി. ഷാജി, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനിയർ അനിൽ കുമാർ പി. കെ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജി വി രാജ സ്പോർട്സ് സ്കൂൾ പ്രിൻസിപ്പൽ ഡോ. എം. കെ. സുരേന്ദ്രൻ നന്ദി രേഖപ്പെടുത്തി.

# സെൻസസ് 2027: സംസ്ഥാന പോലീസ് മേധാവി സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കി

സെൻസസ് 2027 ൻറെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ സെൽഫ് എന്യൂമറേഷൻ നടപടികൾ പൂർത്തിയാക്കി. പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സെൻസസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ വ്യക്തിഗത വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി.

സെൻസസ് എന്നത് ഒരു രാജ്യത്തിൻറെ വ്യവസ്ഥാപിതമായ പുരോഗതിയ്ക്കാവശ്യമായ അടിസ്ഥാന വിവരങ്ങളാണ്. പോലിസ് സേനയിൽ ഉള്ളവരുൾപ്പെടെ എല്ലാവരും സെൽഫ് എന്യൂമറേഷൻ നടത്തി സെൻസസിൻറെ ഭാഗമാകണമെന്നും സെൻസസ് 2027 വിജയിപ്പിക്കണമെന്നും ഡിജിപി അഭ്യർത്ഥിച്ചു.

ഐ. ജി. ഹർഷിതാ അട്ടല്ലൂരി, സെൻസസ് ഡയറക്ടർ ഡോ. മിത്ര, എക്സിക്യൂട്ടീവ് ഓഫീസർ അഞ്ജലി ജോസ്, ഡെപ്യൂട്ടി ഡയറക്ടർമാരായ ഹാരിസ് കെ.എം, വിഭാ.വി, നിഷ വി.സി. അഡീഷണൻ സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ ബിനു സി എന്നിവർ സന്നിഹിതരായി.

# APSEZ Expands Partnership with US-Based Kaleris to Accelerate AI-Led Transformation

• APSEZ and Kaleris will deploy an AI-augmented, plug-and-play operating platform across a global network of 15 container terminals spanning 9 ports.

• APSEZ plans to invest USD 850 million in technology and decarbonisation as part of its 2031 ambition, including up to USD 100 million in two phases to accelerate automation and optimisation through its partnership with Kaleris.

• APSEZ expects to unlock 91 MMT of additional capacity (~10% of installed capacity) by 2030; the Kaleris collaboration to accelerate this progress.

Ahmedabad, 16 June 2026: Adani Ports and Special Economic Zone Ltd. (APSEZ), India's largest integrated transport operator, has expanded its strategic partnership with Kaleris to drive next-generation capabilities across its ports and logistics network. The partnership is part of its broader 2030 objectives involving an outlay of USD 850 million towards decarbonisation, technology upgrades and an ambitious one billion tonnes of cargo handling capability per annum.

The multi-year agreement will see Kaleris deploy its foundational terminal operating system and AI-augmented advanced container handling and optimisation solutions across 15 APSEZ container terminals spanning nine domestic and international ports. Building on Phase 1 deployments across six ports, APSEZ will now scale advanced operating, planning, optimisation and automation capabilities across its maritime and logistics network, creating a unified digital backbone to enhance efficiency, consistency and end-to-end visibility.

The deployment of Kaleris' Advanced Optimization is expected to deliver tangible efficiency gains -- up to 20% improvement in Rubber Tyred Gantry (RTG) crane productivity, and up to 14% improvement in terminal truck productivity, reinforcing APSEZ's ambition to build a technology-led integrated transport platform and scale efficiently for long-term growth.




Mr. Ashwani Gupta, Whole-time Director and CEO, Adani Ports and Special Economic Zone Limited, and Mr. Kirk Knauff, President and CEO, Kaleris.

Ashwani Gupta, Whole-time Director and Chief Executive Officer (CEO), APSEZ, said, "AI-enabled automation will define the next frontier of competitiveness in ports and logistics. While APSEZ has already deployed an end-to-end digital platform from shore to door, which provides seamless track-and-trace and integrated command and control capabilities, the Kaleris integration will enhance productivity, improve turnaround time, and consistently deliver a superior customer experience."

Kirk Knauff, President and CEO, Kaleris, said: "APSEZ is demonstrating the real impact of an AI-enabled port network at scale. Expanding to all 15 terminals reflects the results already achieved and the trust behind this partnership. At Kaleris, we measure success by

customer outcomes, and with N4 and our Advanced Optimization solutions, those results can now be amplified across the entire network."

As cargo volumes grow and supply chains become more complex, APSEZ is investing in artificial intelligence (AI), the Internet of Things (IoT), computer vision and advanced optimisation tools to enable real-time visibility, smarter resource allocation and faster decision-making. The deployment will expand Kaleris' N4 Terminal Operating System (TOS) across APSEZ's network to improve yard utilisation, accelerate vessel turnaround, enhance planning accuracy, and deliver more reliable, predictable cargo movement for customers as APSEZ advances towards its ambition of handling one billion tonnes of cargo annually by 2030.

APSEZ's ambition of handling one billion tonnes of cargo annually by 2030 reflects its accelerating scale and execution – the first 100 MMT took more than a decade, while each subsequent milestones, achieved at a faster pace with an unparalleled interconnected transport and logistics platform spanning ports, rail, roads, trucking, warehouses and cargo gateways.

About APSEZ

APSEZ, part of the globally diversified Adani Group, a leading Integrated Transport Operator--across cargo origination (International Freight Network) through port handling, rail transport, multi-modal logistics parks, warehousing, and final delivery via road transport to customer gates.

This comprehensive "shore-to-door" capability, supported by cutting-edge digital infrastructure and AI-driven optimization, positions APSEZ as India's preeminent integrated logistics solutions provider. The company operates a comprehensive ecosystem of 15 strategically located ports and terminals across India's west, south, and east coasts, combined with a diversified marine fleet of 137 vessels, integrated logistics capabilities including 12 multi-modal logistics parks, 3.1 million sq. ft. of warehouses, and 25,000+ trucks operating on its proprietary platform, thus providing capabilities to handle vast amounts of cargo from both coastal areas and the hinterland. APSEZ also operates 4 international ports across Australia, Colombo, Israel and Tanzania.

With a current cargo handling capacity of 653 million tonnes per annum, APSEZ commands approximately 27% of India's total port volumes, targeting 1 billion tonnes throughput by 2030.

Recognized among the Top 5% of global transportation and transportation infrastructure firms in the 2025 S&P Global Corporate Sustainability Assessment (95th percentile globally), with five ports featuring in the World Bank's Container Port Performance Index 2024, APSEZ combines scale, operational excellence, and integrated capabilities to enable seamless global trade.

For media queries, please contact: Roy Paul: roy.paul@adani.com

About Kaleris

Kaleris is a global software company solving the world's most complex supply chain transportation challenges. Trusted by over 680 companies across 105 countries, Kaleris provides mission-critical software for yard and transportation management, terminal operations, and ocean shipping. By building a more connected, visible, and reliable global logistics ecosystem, Kaleris bridges the data and operational gaps that create inefficiencies and empowers customers to achieve their goals. For more information, visit www.kaleris.com

## ബസ് ജീവനക്കാർ തമ്മിൽ തർക്കം; അടിപിടിയിൽ പരിക്കേറ്റ ഡ്രൈവർ മരിച്ചു

കൊച്ചി: എറണാകുളം പറവൂരിൽ ബസ് ജീവനക്കാർ തമ്മിലുണ്ടായ അടിപിടിക്കിടെ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഡ്രൈവർ മരിച്ചു. ഏഴിക്കര സ്വദേശി സിബി ആണ് ഇന്ന് രാവിലെ കളമശേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കവെ മരിച്ചത്. സംഭവത്തിൽ ചെറായി സ്വദേശിയായ ആയുഷിനെ പോലീസ് അറസ്റ്റ് ചെയ്തു.

ഈ മാസം 12നാണ് പറവൂർ ബസ് സ്റ്റാൻഡിൽ ജീവനക്കാർ തമ്മിൽ തർക്കമുണ്ടായത്. ബസുകളുടെ സമയക്രമത്തെ ചൊല്ലി സിബിയും ആയുഷും തമ്മിൽ നേരത്തെ തർക്കം നടന്നിരുന്നു. ബസുകളിലെ സ്ഥിരം ജീവനക്കാരല്ലാത്ത ഇവർ പകരം ജോലിക്ക് എത്തുന്ന ഡ്രൈവർമാരാണ്.

സംഭവ ദിവസം പറവൂർ ബസ് സ്റ്റാൻഡിൽ കണ്ടുമുട്ടിയ ഇവർ തമ്മിൽ വാക്കുതർക്കമുണ്ടാകുകയും ഇതിനിടെ ആയുഷ് സിബിയെ പിടിച്ച് തള്ളുകയും, സിബി സമീപത്തെ കോൺക്രീറ്റ് സ്ലാബിലേക്ക് തലയിടിച്ചു വീഴുകയുമായിരുന്നു.

വീഴ്ചയിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് രക്തം കട്ടപിടിച്ച സിബിയെ കളമശേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു സിബി. എന്നാൽ ഇന്ന് രാവിലെ മരണം സംഭവിക്കുകയായിരുന്നു.